(സി) 2001 ഏപ്രിൽ മുതൽ 2005 ജനുവരി 31 വരെ അനുവദിച്ച കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ എന്നിവ എത്രവീതമാണ് എന്ന് വ്യക്തമാക്കാമോ ; ഇവയുടെ പേരും അനുവദിച്ച പഞ്ചായത്തുകളുടെ ലിസ്റ്റും നൽകുമോ ?

ഉത്തരം

(എ) ലഭ്യമാക്കാം. (അനുബന്ധം-1) †

(ബി) ലഭ്യമാക്കാം. (അനുബന്ധം-2) †

(സി) നൽകാം. (അനുബന്ധം-3) †

ആയുർവേദ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാൻ നടപടി

171 [1698] ശ്രീ. റോഷി അഗസ്റ്റിൻ :

,, തോമസ് ചാഴികാടൻ :

,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിലെ ആയുർവേദ കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ ;

(ബി) ഇപ്രകാരമുള്ള ആയുർവേദ കേന്ദ്രങ്ങളോട് ചേർന്നുള്ള മസാജ് പാർലറുകളിൽ അനാശാസ്യ പ്രവർത്തനങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്രകാരമുള്ള ആയുർവേദ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുവാനോ നിയന്ത്രിക്കുവാനോ നിലവിൽ എന്ത് സംവിധാനമാണുള്ളത് ;

(ഡി) പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനം കർശനമായി നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 28-1-2002-ലെ ജി.ഒ. (എം.എസ്.)35/02/ജിഎഡി നമ്പർ സർക്കാർ ഉത്തരവു പ്രകാരം ടൂറിസം മേഖലയിലെ ആയുർവേദ കേന്ദ്രങ്ങൾക്ക് സാങ്കേതിക വൈദഗ്ധ്യം നേടിയ ജീവനക്കാർ, മരുന്നിന്റെയും ചികിത്സയുടെയും ഗുണനിലവാരം, ചികിത്സയ്ക്കാവശ്യമായ ഉപകരണങ്ങളുടെ ലഭ്യത, മറ്റു സൗകര്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ഗ്രീൻലീഫ്, ഒലീവ് ലീഫ് എന്നീ ക്ലാസിഫിക്കേഷൻ നൽകിവരാറുണ്ട്.

(ബി) അംഗീകാരമുള്ള കേന്ദ്രങ്ങളിൽ ഇത്തരം പ്രവണതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

† അനുബന്ധം VIII, VIII എ & VIII ബി.

LIBRARY ARCHIVES Kerala Legislative Assembly

(സി) അംഗീകാരമുള്ള കേന്ദ്രങ്ങളുടെ പ്രവർത്തനം ടൂറിസം വകുപ്പ് നിരീക്ഷിക്കാറുണ്ട്.

(ഡി) മസാജ് പാർലറുകൾക്ക് അക്രഡിറ്റേഷൻ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

പാരമ്പര്യ വൈദ്യൻമാരുടെ സംരക്ഷണം ഉറപ്പുവരുത്താൻ നടപടി

172 [1699] ശ്രീ. സി. മമ്മൂട്ടി :

" കളത്തിൽ അബ്ദുള്ള :

" പി. കെ. കെ. ബാവ :

" പി. കെ. അബ്ദുറബ്ബ് :

" കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർശ്വഫലങ്ങളുണ്ടാകാത്ത നാടൻ ചികിത്സാ സമ്പ്രദായമായ ആയുർവേദ പാരമ്പര്യ ചികിത്സ നടത്തുന്ന വൈദ്യൻമാർക്ക് ഔഷധ നിർമ്മാണത്തിനുവേണ്ടി നൽകിവരുന്ന എൽ-3 ലൈസൻസിന് വല്ല നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) ഈ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) എൽ-3 ലൈസൻസ് തുടർന്നും നൽകി പാരമ്പര്യ വൈദ്യൻമാരുടെ സംരക്ഷണം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)യും (ബി)യും (സി)യും കേരളത്തിലെ പാരമ്പര്യ വൈദ്യൻമാർക്ക് ചികിത്സയ്ക്ക് ആവശ്യമായ മരുന്ന് നിർമ്മിക്കുന്നതിന് എക്സൈസ് വകുപ്പിൽ നിന്നുമാണ് എൽ-3 ലൈസൻസ് നൽകിവന്നിരുന്നത്. എന്നാൽ 8-1-2003-ലെ കേരള ഹൈക്കോടതിയുടെ വിധി അനുസരിച്ച് 1953-ലെ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് നിഷ്കർഷിക്കുന്ന നിശ്ചിത യോഗ്യതയുള്ളവർക്കു മാത്രമേ വൈദ്യവൃത്തിയിൽ ഏർപ്പെടാൻ യോഗ്യതയുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അക്കാരണത്താൽ നിശ്ചിത യോഗ്യതയില്ലാത്തവർക്ക് പ്രാക്ടീസു ചെയ്യാനോ മരുന്നു നിർമ്മാണത്തിന് ലൈസൻസ് നൽകാനോ കഴിയാത്ത സാഹചര്യമുണ്ട്.

(ഡി) പാരമ്പര്യ വൈദ്യൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി 1995-ൽ സംസ്ഥാന സർക്കാർ തയ്യാറാക്കിയ കരട് ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി തേടിയെങ്കിലും പ്രസ്തുത നിയമത്തിൽ പാരമ്പര്യവൈദ്യൻമാർക്ക് അംഗീകാരം നൽകുന്ന വ്യവസ്ഥകൾ പുനഃപരിശോധിക്കാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടു. എന്നാൽ അവർക്കുകൂടി അംഗീകാരം നൽകുന്ന വ്യവസ്ഥകൾ നിലനിർത്തിക്കൊണ്ട് പ്രസ്തുത കരട് ബിൽ നിയമസഭയിൽ അവതരിപ്പിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് കേന്ദ്രസർക്കാരുമായി എഴുത്തുകുത്തുകൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly